# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 339 | 23.01.2018 ൽ മറുപടിയ്ക്ക് |
|---|---|
| **ജിയോ ടാഗിങ്ങ് പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എ. കെ. ശശീന്ദ്രൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അംഗൻവാടികളുടെ സ്ഥാന നിർണ്ണയത്തിനായുള്ള 'ജിയോ ടാഗിങ്ങ് പദ്ധതിയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (എ) വനിതാ ശിശു വികസന വകുപ്പിന് കീഴിലെ 33115 അങ്കണവാടികളും കൃത്യമായി മാപ്പ് ചെയ്യുന്നതിനായി ജി.പി.എസ്. സാങ്കേതിക വിദ്യ ഉപയോഗിച്ച് അങ്കണവാടികളുടെ സ്ഥാനം നിർണ്ണയിക്കുകയും അത് ഭൂപടത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന പ്രക്രിയയാണ് ജിയോ ടാഗിങ്. ഇതുവഴി വകുപ്പിന് കീഴിലെ ഓരോ അങ്കണവാടിയുടേയും കൃത്യമായ സ്ഥാനം മനസിലാക്കുവാൻ സാധിക്കുന്നു. ശിശുമരണ നിരക്ക് നിയന്ത്രണ വിധേയമാക്കുന്നതിനും 0-5 വയസ്സ് വരെയുള്ള കുട്ടികളുടെ പോഷണ നിലവാരം മെച്ചപ്പെടുത്തുവാനും വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന തൽസമയ വളർച്ചാ നിരീക്ഷണ സംവിധാനമാണ് ജാതക്-ജനനി. ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി ഉപയോഗപ്പെടുത്തി മൊബൈൽ ടെലഫോൺ സംവിധാനം ഉപയോഗിച്ച് പോഷണം, ആരോഗ്യം, സേവന വിതരണം എന്നിവ തൽസമയ നിരീക്ഷണത്തിന് വിധേയമാക്കി ആവശ്യമായ ഇടപെടലുകൾ നടത്തുകയാണ് ഈ സംവിധാനത്തിലൂടെ ചെയ്യുന്നത്. അങ്കണവാടികൾ ജിയോടാഗ് ചെയ്യുന്നതുവഴി ഗുരുതര പോഷണക്കുറവുള്ള കുട്ടികളുള്ള അങ്കണവാടികളുടെ സ്ഥാനം വളരെ എളുപ്പത്തിൽ കൃത്യമായി മനസിലാക്കി തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സാധിക്കുന്നു. |

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതിയിലൂടെ സ്വകാര്യ വിവരങ്ങൾ ചോരുമെന്ന ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി), ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അങ്കണവാടി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ അക്ഷാംശരേഖ, രേഖാംശരേഖ എന്നിവ രേഖപ്പെടുത്താൻ ജിപിഎസ് ഉപയോഗിക്കുവാനും ജിയോടാഗിങ്ങ് ആപ്പ് ഉപയോഗിച്ച് എടുക്കുന്ന അങ്കണവാടിയുടെ ഫോട്ടോ അപ് ലോഡ് ചെയ്യുവാനും മാത്രമാണ് ഈ ആപ്പ് ഉപയോഗിക്കുന്നത്. ഫോണിന്റെ ഉടമയോട് ഈ രണ്ട് കാര്യങ്ങൾക്കുള്ള അനുമതി ആവശ്യപ്പെട്ട് ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ആപ്ലിക്കേഷൻ പ്രവർത്തന ക്ഷമമാകുകയുള്ളൂ. ഈ ആപ്പ് രേഖപ്പെടുത്തി സൂക്ഷിക്കുന്ന ഡാറ്റാ പരിശോധിച്ച് ഈ വിവരങ്ങൾ മാത്രമാണ് അപ് ലോഡ് ചെയ്യുന്നതെന്ന് ഉറപ്പു വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ